(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിയ എത്ര ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തിയെന്നും; ഏതൊക്കെ തസ്തികയിലാണ് നിയമിച്ചതെന്നും പറയാമോ;

(സി) ഇത്തരത്തിൽ സ്ഥിര നിയമനം നൽകിയ ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് പി.എസ്.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചട്ടങ്ങൾക്ക് വിരുദ്ധമായി ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സർക്കാർ സർവ്വീസിൽ ഡയറക്ടർ പദവിയിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യത ഉള്ള ഉദ്യോഗസ്ഥർ ഇല്ലാതിരുന്നിട്ടാണോ, സ്വകാര്യ കോളേജ് അധ്യാപകനെ പ്രസ്തുത വകുപ്പിൽ ഡയറക്ടറായി നിയമിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5

(ബി-ഇ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഇതുവരെ ആർക്കും സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പോളച്ചിറ ഏലായിലെ കൃഷി

161 (1535) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ ത്രിതല പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സംയുക്തമായി അവസാനമായി കൃഷി നടത്തിയത് എന്നാണ്; പ്രസ്തുത കൃഷി ഇറക്കുന്നതിലേയ്ക്കായി ത്രിതല പഞ്ചായത്തും കൃഷിവകുപ്പും നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ സഹായം ഉണ്ടായിരുന്നുവെന്നും അറിയിക്കുമോ;

(ബി) അവസാനമായി പുഞ്ചകൃഷി നടത്തിയ കാലയളവിൽ എത്ര കൃഷിക്കാർ കൃഷി ചെയ്യുവാൻ സന്നദ്ധമായിരുന്നുവെന്നും എത്ര ടൺ നെല്ല് വിളവ് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES, Kerala Legislative Assembly

(സി) ഇപ്പോൾ നബാർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോളച്ചിറ ഏലായിൽ അവസാനമായി പുഞ്ചകൃഷി നടത്തിയത് 2012-13 പുഞ്ച സീസണിലാണ്. പ്രസ്തുത കൃഷി ഇറക്കുന്നതിന് നെൽ വിത്ത്, രാസവളം, കുമ്മായം, കീടനാശിനി, വെള്ളം വറ്റിക്കൽ ചെലവ്, ഉഴവ് കൂലി, നടീൽചെലവ് തുടങ്ങിയവ ത്രിതല പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിനായി 23,12,126 (ഇരുപത്തി മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി നൂറ്റി ഇരുപത്തിയാറ്) രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

(ബി) 100 ഹെക്ടർ സ്ഥലത്ത് 188 കർഷകർ കൃഷി ചെയ്തിരുന്നു. 320 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ നബാർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി പൂർത്തീകരിക്കുമ്പോൾ 400 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷിയും കൂടാതെ അധികമായി ഒരു സീസൺ നെൽകൃഷിയും മത്സ്യകൃഷിയും ചെയ്യുവാനുള്ള സാഹചര്യം ലഭ്യമാകും. കൂടാതെ ജലസേചന/ജലനിർഗ്ഗമനത്തിനുള്ള സൗകര്യം മെച്ചപ്പെടുകയും ജലനിരപ്പ് ക്രമപ്പെടുത്തുന്നതുമൂലം ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുവാനും കഴിയും. കൂടാതെ 300 മുതൽ 400 വരെ കർഷകർക്ക് ഇതിന്റെ പ്രയോജനം ഉണ്ടാകും. ബണ്ട് റോഡിന്റെ നിർമ്മാണം പൂർത്തിയാകുന്നതുമൂലം കാർഷിക യന്ത്രങ്ങൾ സുഗമമായി കൊണ്ടുവന്ന് കൃഷി ചെയ്ത് കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

സമ്പൂർണ്ണ ജൈവ ജില്ല

162 (1537) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ ജില്ലയാക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇത് എത്രത്തോളം യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly